പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3408 — 21-12-2012 - ലെ മറുപടിയ്ക്ക്

## "നാളികേരം/കൊപ്ര സംഭരണം"

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. പി. റ്റി. എ. റഹീം<br>„ കെ. കെ. നാരായണൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) 2012 വർഷത്തിൽ എത്ര ടൺ നാളീകേരം/കൊപ്ര സംഭരിക്കാനാണ് സർക്കാർ വിവിധ ഏജൻസികൾ മുഖേന ലക്ഷ്യമിട്ടിരുന്നത് ; ഇതിൽ എന്തളവിൽ ഇതുവരെ സംഭരിച്ചു ; ഇത് ഉൽപാദനത്തിന്റെ എത്ര ശതമാനമാണ് ; | (എ) | 2012 ലെ കൊപ്ര സംഭരണം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-10-12 ൽ വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ വഴി 50,000 ടൺ കൊപ്ര ഉടൻ സംഭരിക്കുവാനും ആയതിന് ജില്ല തിരിച്ച് ടാർജറ്റ് നൽകുന്നതിനും തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കേരഫെഡ് മുഖാന്തിരം 10115 ടൺ കൊപ്രയും മാർക്കറ്റ്ഫെഡ് മുഖാന്തിരം 7120 ടൺ കൊപ്രയും നാളിതുവരെ സംഭരിച്ചിട്ടുണ്ട്.<br>ഉൽപാദനത്തിന്റെ എത്ര ശതമാനം സംഭരിച്ചു എന്നതു സംബന്ധിച്ച കണക്ക് ലഭ്യമല്ല. |
| (ബി) സംഭരണ നടപടികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | കൊപ്ര സംഭരണത്തിൽ സംഘങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്ത് പദ്ധതി കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ടി കൃഷി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സഹകരണ സംഘങ്ങളെയും കേരഫെഡ്, മാർക്കറ്റ്ഫെഡ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരത്തുവച്ചും കോഴിക്കോടുവച്ചും മേഖലായോഗങ്ങൾ സംഘടിപ്പിച്ച് വിലയിരുത്തൽ നടത്തുകയുണ്ടായിട്ടുണ്ട്. ഇതേ തുടർന്ന് സംഘങ്ങളുടെ നഷ്ടം നികത്തുന്നതിനുള്ള ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. നാഫെഡിൽ നിന്നും സംഘങ്ങൾക്ക് നൽകുന്ന 27 രൂപയ്ക്ക് പുറമെ ചാക്കൊന്നിന് 10 രൂപ |

| | | | |
|---|---|---|---|
| | | | വീതം അധികമായി നൽകുന്നതിനും സംഘങ്ങൾ മുഖേന സംഭരിക്കുന്ന കൊപ്രയ്ക്ക് ക്വിന്റലിന് 500 രൂപ വീതം നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.<br>17-10-12 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയ മീറ്റിംഗിന് ഓരോ ജില്ലയിലും സൊസൈറ്റികൾ അവർക്ക് അലോട്ട് ചെയ്തിട്ടുള്ള ടാർജറ്റനുസരിച്ച് കൊപ്ര സംഭരിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സഹകരണ സംഘങ്ങളെയും നാളികേര ഉൽപാദക സൊസൈറ്റികളെയും പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കർഷകർക്ക് കൂടുതൽ സൗകര്യപ്രദമായി കൃഷിഭവനിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് കൊപ്രയുടെ പൊതു വിപണി വില എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | പൊതു വിപണിയിൽ കൊപ്രയുടെ വില വളരെ കുറഞ്ഞു നിൽക്കുന്ന സാഹചര്യത്തിലാണ് കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |
| (ഡി) | വിലയിടിവുമൂലം പ്രതിസന്ധി നേരിടുന്ന ഇടത്തരം കേര കർഷകരെ സഹായിക്കുന്നതിനായി നിലവിലുള്ള സംഭരണ സംവിധാനങ്ങളുടെ പോരായ്മകളെ തിരുത്തിക്കൊണ്ട് പദ്ധതി ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ ? | (ഡി) | നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംഭരണ നടപടികൾ, സംസ്ഥാന സർക്കാർ അപ്പപ്പോൾ തന്നെ വിലയിരുത്തുകയും പോരായ്മകൾ പരിഹരിച്ച് കൂടുതൽ ഊർജ്ജിതമായും കാര്യക്ഷമമായും സംഭരണം നടപ്പിലാക്കി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ